# EXCELLENT WORK DONE



കട്ടപ്പനയിൽ നിന്നും 17 കിലോഗ്രാം ഹാഷിഷ് ഓയിൽ പിടികൂടി. മാസങ്ങൾ നീണ്ട പരിശ്രമത്തിലൂടെ കട്ടപ്പന ഇടശ്ശേരി ജംഗ്ഷനിൽ വച്ച് വളരെ തന്ത്രപരമായാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ജില്ലയിൽ മയക്കുമരുന്ന് കച്ചവടവും, കടത്തും ഉണ്ടെന്ന് മനസ്സിലാക്കിയ ജില്ലാ പോലീസ് മേധാവി ശ്രീ.കെ.ബി.വേണുഗോപാൽ ഐ.പി.എസ് അവർകൾ പ്രത്യേകം അന്വേഷണ സംഘത്തെ സജ്ജീകരിച്ച് മാസങ്ങളോളം നടത്തിയ നീണ്ട പരിശ്രമത്തിലൂടെയാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പിടിച്ചെടുത്ത ഹാഷിഷ് ഓയിലിന് അന്താരാഷ്ട്ര മാർക്കറ്റിൽ 20 കോടിയിലധികം രൂപ വില വരുന്നതാണ്. മികച്ച തയ്യാറെടുപ്പുകൾ നടത്തിയ അന്വേഷണ സംഘത്തെ ബഹു.കൊച്ചി റേഞ്ച് ഇൻസ്പെക്ടർ ജനറൽ ശ്രീ.പി.വിജയൻ അവർകൾ അനുമോദിച്ചു.

സബ്ബ്.ഇൻസ്പെക്ടർ ജോബി തോമസ്, അസി. സബ്ബ്.ഇൻസ്പെക്ടർ സജിമോൻ ജോസഫ്, സീനിയർ സിവിൽ പോലീസ് ഓഫീസർ തങ്കച്ചൻ മാളിയേക്കൽ, സിവിൽ പോലീസ് ഓഫീസർമാരായ ബേസിൽ ഐസക്, സതീഷ്. എം.ആർ, സലീൽ രവി, സുബൈർ.എസ്, ദിലീപ് വി.ജി എന്നീ ഉദ്യോഗസ്ഥരായിരുന്നു അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.